# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4318 | 24.10.2016 -ൽ മറുപടിയ്ക്ക് |
|---|---|

### ഐ.സി.ഡി.എസ്.സൂപ്പർവൈസർമാരുടെ നിയമനം

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| | ശ്രീ.എം.എം.മണി | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) | സാമൂഹ്യനീതി വകുപ്പിൽ ഐ.സി.ഡി.-എസ് സൂപ്പർവൈസർമാരായി നിയമന ശുപാർശ ലഭിച്ചവർക്ക് നിയമനം നല്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല |
| (ബി) | നിയമന ശുപാർശ ലഭിച്ചിട്ടും ഇവർക്ക് നിയമനം നല്കാൻ കഴിയാതെ വന്ന സാഹചര്യം വിശദീകരിക്കാമോ? | (ബി) | എസ്.എസ്.എൽ.സി. യോഗ്യതയും അംഗൻവാടി വർക്കറായി 10 വർഷത്തെ സേവനപരിചയവുമുള്ള അംഗൻവാടി വർക്കർ-മാരിൽനിന്ന് സൂപ്പർവൈസർ തസ്തികയിലേക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി.സി.സുമതിയും കൂട്ടരും ബഹു.കെ.എ.റ്റി മുമ്പാകെ ഫയൽ ചെയ്തിരുന്ന ഒ.എ നം.2431/2014-മേൽ 19/12/2014-ൽ പുറപ്പെടുവിച്ച ഇടക്കാല വിധിന്യായത്തിൻമേൽ "അന്തിമ ഉത്തരവിന് വിധേയമായി മാത്രം നിയമന ശുപാർശ നൽകിയാൽ മതി "എന്ന വ്യവസ്ഥ പ്രകാരം 58 ഒഴിവുകൾ 23/12/2014 നുള്ളിൽ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് ഉത്തരവായിരുന്നു. പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി 23/12/2014-ൽ അവസാനിച്ചു. മേൽ വിവരിച്ച തരത്തിൽ ബഹു കേരള അഡ്മിനിസ് ട്രേറ്റീവ് ട്രിബ്യൂണ- ലിന്റെ ഇടക്കാല |

| | | | |
|---|---|---|---|
| | | | ഉത്തരവിന്റെ അടിസ്ഥാനത്തിൽ 58 ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിരുന്നു. ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച 03/02/2016-ലെ അന്തിമ വിധിന്യായത്തിൽ "27/12/2012-ലെ ജി.ഒ. (പി) നം. 78/2012/- എസ്.ഡബ്ല്യു.ഡി. പ്രകാരമുള്ള വിശേഷാൽ ചട്ട ഭേദഗതി ഉത്തരവിൽ കാറ്റഗറി 13-ന്റെ കുറിപ്പ് 6-ൽ പരാമർശിക്കുന്ന വ്യവസ്ഥ അതായത് ഏതെങ്കിലും ഒരു വർഷം , ബിരുദ യോഗ്യതയുള്ള അംഗൻവാടി വർക്കർമാരുടെ അഭാവത്തിൽ എസ്.എസ്.എൽ.സി.യും 10 വർഷത്തെ പ്രവൃത്തി പരിചയമുള്ള അംഗൻവാടി വർക്കർമാരിൽനിന്നും ഒഴിവുകൾ നികത്താം" എന്നതിന്റെ അടിസ്ഥാനത്തിൽ ഇടക്കാല ഉത്തരവ് ശരിവെച്ച് അന്തിമ വിധിന്യായം പുറപ്പെടുവിക്കുകയുണ്ടായി.<br><br>03/02/2016-ലെ അന്തിമ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ നേരത്തെ നിലവിലുണ്ടായിരുന്ന റാങ്ക് ലിസ്റ്റിൽ നിന്ന് 55 ഉദ്യോഗാർത്ഥികളെ 06/04/2016-ൽ കെ.പി.എസ്.സി. നിയമന ശുപാർശ നൽകിയിട്ടുണ്ട്. 01/04/2014 മുതൽ വിശേഷാൽ ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം സൂപ്പർവൈസർ തസ്തികയിലേക്കുള്ള നിയമന രീതി 58:29:11: :2 എന്ന റേഷ്യോപ്രകാരമാണ്. ഇതിൽ 29% തസ്തികകൾ മാത്രമാണ് എസ്.എസ്.എൽ.സിയും അംഗൻവാടി വർക്കറായി 10 വർഷത്തെ സേവന പരിചയമുള്ള അംഗൻവാടി വർക്കർ ക്വാട്ടയിലേക്ക് മാറ്റിവയ്ക്കേണ്ടത്. അതായത് ആകെയുള്ള 1327 തസ്തികയിൽ 385 തസ്തികകൾ മാത്രമാണ് ഈ വിഭാഗത്തിന് അർഹതയുള്ളത്. എന്നാൽ ഇടക്കാല ഉത്തരവ് തീയതിയായ 19/12/2014 ലോ, റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിച്ച 23/12/2014-ലോ ഈ വിഭാഗത്തിൽ ഒഴിവുകൾ ഇല്ലാതിരുന്നതിനാൽ 55 ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകുവാൻ നിയമനാധികാരിയായ സാമൂഹ്യ- |

| | | | |
|---|---|---|---|
| | | | നീതി ഡയറക്ടർക്ക് കഴിഞ്ഞിട്ടില്ല. പി.എസ്.സി മുഖേന നികത്തപ്പെടേണ്ട മറ്റ് ഫീഡർ കാറ്റഗറികളിൽപ്പെട്ട ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അഡ്വൈസ് ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് എപ്രകാരം നിയമനം നൽകുവാൻ കഴിയും എന്നതിനെക്കുറിച്ച് സർക്കാർ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ